# 2013-14 പ്രോജക്ട് ഭേദഗതി ചെയ്യുന്ന രീതി

ജില്ലാ *ആസൂത്രണ* സമിതിയുടെ അംഗീകാര പ്രക്രിയ പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ട ഒരു പ്രോജക്ട് ഭേദഗതി ചെയ്യുന്നത് താഴെ പറയുന്ന പ്രകാരമാണ്.

.

1. സുലേഖ ആപ്ലിക്കേഷനിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ലോഗിൻ ചെയ്യുക.

2. സെറ്റിംഗ്സ് എന്ന മെനു ക്ലിക്ക് ചെയ്ത് ഓരോ പ്രോജക്ടും ഭേദഗതി ചെയ്യുന്നതിന് വേണ്ടി എടുത്ത സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും തീരുമാനങ്ങൾ രേഖപ്പെടുത്തുക.

   LB Standing Committee ക്ലിക്ക് ചെയ്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും LB Resolution ക്ലിക്ക് ചെയ്ത് ഭരണ സമിതി തീരുമാനവും രേഖപ്പെടുത്തി സേവ് ചെയ്യുക.

3. Revision എന്ന മെനുവിൽ Approved projects list ൽ ക്ലിക്ക് ചെയ്യുക.

4. പ്രോജകുടുകൾ ഭേദഗതി ചെയ്യുന്നതിനായി Enable Revision എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.

   (പ്രൊസീഡിംഗ്സ് പൂർത്തീകരിച്ചു എന്ന് ജില്ലാ ആസൂത്രണ സമിതി രേഖപ്പെടുത്തിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രമേ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിന് ലഭ്യമാവുകയുള്ളൂ)

   പ്രൊസീഡിംഗ്സ് പൂർത്തീകരിച്ചു എന്ന് രേഖപ്പെടുത്തുന്നതിന് വേണ്ടി DC/DPO യുടെ ലോഗിനിൽ DPC എന്ന മെനുവിൽ LB type, LB എന്നിവ തെരഞ്ഞെടുക്കുക, അതിനുശേഷം Process Completed എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക

5. ഭേദഗതി ചെയ്യുന്നതിന് തീരുമാനമെടുത്ത പ്രോജക്ടിന് നേരെ Mark for Revision എന്ന ഭാഗത്തുള്ള ചെക്ക് ബോക്സിൽ ടിക് മാർക്ക് ചെയ്യുക. പ്രോജക്ട് ലിസ്റ്റിന് താഴെയുള്ള നമ്പരുകളിൽ ക്ലിക്ക് ചെയ്ത് വിവിധ പേജുകളിലുള്ള പ്രോജക്ടുകൾ തെരഞ്ഞെടുക്കാവുന്നതാണ്.

6. ഭേദഗതി ആവശ്യമായ മുഴുവൻ പ്രോജക്ടുകളും തെരഞ്ഞെടുത്തതിന് ശേഷം Next എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.

7. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള സാഹചര്യങ്ങളിൽ ഒരു പ്രോജക്ട് ഭേദഗതി ചെയ്യുന്നതിനു വേണ്ടി ഓരോ പ്രോജക്ടിന്റേയും നേരെ Revision എന്ന കോളത്തിലുള്ള Revision എന്ന് നിലനിർത്തി Save എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. ഏതെങ്കിലും പ്രോജക്ട് അനിവാര്യമായ സാഹചര്യത്തിൽ (ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം) ഒഴിവാക്കേണ്ടതായി വന്നാൽ Revision എന്ന കോളത്തിലെ Dropped തെരഞ്ഞെടുക്കുക. Remarks എന്ന കോളത്തിൽ പ്രസ്തുത പ്രോജക്ട് ഭേദഗതി ചെയ്യുന്നതിന്/ഒഴിവാക്കുന്നതിനുള്ള കാരണം വ്യക്തമായി രേഖപ്പെടുത്തി സേവ് ചെയ്യുക.

8. ഒരു പ്രോജക്ട് ഒഴിവാക്കുന്നതിലൂടെ ലഭിക്കുന്ന തുക ഉപയോഗിച്ചോ, പ്രവർത്തികൾ പൂർത്തീകരിച്ചതിന് ശേഷം ലഭ്യമാകുന്ന സേവിംഗ്സ് തുക

ഉപയോഗിച്ചോ പുതിയ പ്രോജക്ട് രൂപീകരിക്കുന്നതിന് വേണ്ടി New project details ൽ പ്രോജക്ടിന്റെ പേര് മലയാളത്തിൽ രേഖപ്പെടുത്തുക (പേര് പിന്നീട് മാറ്റാൻ സാധിക്കുന്നതല്ല). പ്രോജക്ട് തരം, നിർവ്വഹണ ഉദ്യോഗസ്ഥൻ, അടങ്കൽ തുക എന്നിവ രേഖപ്പെടുത്തിയ ശേഷം Save ബട്ടണിൽ ക്ലിക്ക് ചെയ്യുക. ഇത്തരത്തിൽ ആവശ്യമായ പ്രോജക്ടുകളുടെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയ ശേഷം Save ബട്ടൺ ക്ലിക്ക് ചെയ്യുക.

9. തുടർന്ന് Forward to DPC എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.

10. റിവിഷന് വേണ്ടി ഡി.പി.സി യ്ക്ക് സമർപ്പിച്ചതിനു ശേഷം വീണ്ടും പ്രോജക്ടുകൾ ഭേദഗതിയ്ക്കായി സമർപ്പിക്കുന്നതിന് സാധിക്കുന്നതാണ്

11. ജില്ലാ കളക്ടറുടെ /ജില്ലാപ്ലാനിംഗ് ഓഫീസറുടെ ലോഗിനിൽ Revision എന്ന മെനുവിൽ Revision list ക്ലിക്ക് ചെയ്യുക. LB type തെരെഞ്ഞെടുക്കുക, റിവിഷനു വേണ്ടി സമർപ്പിച്ച തദ്ദേശഭരണസ്ഥാപനങ്ങളുടെ പേരുകൾ Select LB എന്ന കോളത്തിൽ ലഭ്യമായിരിക്കും. ഇതിൽ നിന്നും ഓരോ തദ്ദേശഭരണസ്ഥാപനവും തെരെഞ്ഞെടുത്ത്, ഭേദഗതി ചെയ്യേണ്ട ഓരോ പ്രോജക്ടിനും നേരേ റിമാർക്സിൽ പറഞ്ഞ കാരണങ്ങൾ പരിശോധി*ക്കുക*. Status എന്ന കോളത്തിൽ നിന്നും അംഗീകരിക്കാവുന്നതാണെങ്കിൽ Agree എന്നും, അംഗീകരിക്കാവുന്നതല്ലെങ്കിൽ Don't Agree എന്നും തെരെഞ്ഞെടുക്കുക. Save ക്ലിക്ക് ചെയ്യുക.

12. Revision ഭാഗമായുള്ള പുതിയപ്രോജക്ടിന് നേരെ Status എന്ന കോളത്തിൽ നിന്നും അംഗീകരിക്കാവുന്നതാണെങ്കിൽ Agree എന്നും, അംഗീകരിക്കാവുന്നതല്ലെങ്കിൽ Don't Agree എന്നും തെരെഞ്ഞെടുക്കുക. Save ക്ലിക്ക് ചെയ്യുക.

13. ഭേദഗതി ചെയ്യാനുദ്ദേശിച്ച പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ലോഗിനിൽ Revision എന്ന മെനുവിൽ നിന്നും *Revision Projects* ക്ലിക്ക് ചെയ്ത് പ്രോജക്ട് ഭേദഗതി ചെയ്യുക.

14. Revision ഭാഗമായുള്ള പുതിയ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ലോഗിനിൽ Revision എന്ന മെനുവിൽ നിന്നും *New Projects* ക്ലിക്ക് ചെയ്ത് പുതിയ പ്രോജക്ട് തയ്യാറാക്കുക

15. തുടർന്ന് ഒരു പുതിയ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുള്ള എല്ലാ നടപടികളും പൂർത്തീകരിക്കുക.

16. ഭേദഗതിയ്ക്കായി ഡി.പി.സി യിൽ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ ഡി.പി.സി Agree ചെയ്തിട്ടില്ലെങ്കിൽ അവ വീണ്ടും ഡി.പി.സിയ്ക്ക് സമർപ്പിക്കുന്നതിനും , ഭേദഗതിയിൽനിന്ന് ഒഴിവാക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഡി.പി.സി Agree ചെയ്തിട്ടില്ലാത്ത പ്രോജക്ടുകൾ ഉണ്ടെങ്കിൽ അവ Revision Menu ൽ Approved project List ൽ ലിസ്റ്റ് ചെയ്യുന്നതാണ്.

17. ഒരു പ്രോജക്ട് ഒറ്റത്തവണ മാത്രമേ ഭേദഗതി ചെയ്യാൻ സാധിക്കുകയുള്ളൂ.